## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3235

14.03.2018 ൽ
മറുപടിയ്ക്ക്

### ബേഡകം പോലീസ് സ്റ്റേഷനിലെ ജീവനക്കാർക്കായി ക്വാർട്ടേഴ്സ് നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാസറഗോഡ് ജില്ലയിൽ ബേഡഡുക്ക പഞ്ചായത്തിലെ കുണ്ടംകുഴിയിൽ ബേഡകം പോലീസ് സ്റ്റേഷനിലെ ജീവനക്കാർക്കായി ക്വാർട്ടേഴ്സ് നിർമ്മിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | ബേഡകം പോലീസ് സ്റ്റേഷനിലെ ജീവനക്കാർക്കായി 6 ലോവർ സബോർഡിനേറ്റ് ക്വാർട്ടേഴ്സും 3 അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സും നിർമ്മിച്ചിട്ടുണ്ട്. |
| (ബി) | എത്ര ഏക്കർ സ്ഥലത്താണ് നിർമ്മിച്ചിട്ടുള്ളതെന്നും എത്ര ജീവനക്കാർക്ക് /കുടുംബങ്ങൾക്ക് ഇവിടെ താമസിക്കാമെന്നും എത്ര രൂപ ചെലവിലാണ് ഇത് നിർമ്മിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ; | (ബി) | 3.5 ഏക്കർ സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള ടി ക്വാർട്ടേഴ്സുകളിൽ 9 കുടുംബങ്ങൾക്കാണ് താമസിക്കാൻ കഴിയുക.<br>MoPF 2004-05 ൽ ഉൾപ്പെടുത്തി 3 അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകൾ 16,03,112/- രൂപ ചെലവിലും 6 ലോവർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകൾ 22,49,982/- രൂപ ചെലവിലുമാണ് നിർമ്മിച്ചിട്ടുള്ളത്. |
| (സി) | നിലവിൽ ഈ ക്വാർട്ടേഴ്സിൽ എത്ര ജീവനക്കാർ താമസിക്കുന്നുണ്ടെന്നുള്ള വിശദാംശങ്ങൾ അറിയിക്കാമോ; | (സി) യും (ഡി) യും | എല്ലാ ക്വാർട്ടേഴ്സുകളും ജീവനക്കാർക്ക് അനുവദിച്ചിട്ടുണ്ടെങ്കിലും സ്റ്റേഷനിൽ നിന്നും ഏകദേശം 7 കിലോമിറ്റർ ദൂരമുള്ളതിനാലും ഒറ്റപ്പെട്ട സ്ഥലമായതിനാലും, ചുറ്റുമതിലില്ലാത്തതിനാലും ആരും ക്വാർട്ടേഴ്സിൽ താമസിക്കുവാൻ താല്പര്യപ്പെടുന്നില്ല. |
| (ഡി) | ഇല്ലെങ്കിൽ ജീവനക്കാർ ഇവിടെ താമസിക്കാതിരിക്കാനുള്ള കാരണം വിശദമാക്കാമോ; | | |
| (ഇ) | ലക്ഷക്കണക്കിന് രൂപ ചെലവിൽ നിർമ്മിച്ച ക്വാർട്ടേഴ്സിൽ ജീവനക്കാർ താമസിക്കാത്തത് കാരണം സാമൂഹ്യവിരുദ്ധരുടെ താവളമായി ഇവിടം മാറിയിട്ടുണ്ടെന്ന പത്ര വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഇ) | സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും ടി സ്ഥലത്ത് രാത്രികാല പട്രോളിംഗ് ശക്തമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ